തൃശ്ശൂർ (ബിൽഡിംഗ്സ്) ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസിൽ ധനകാര്യ വകുപ്പ് നടത്തിയ ഇൻസ്പെക്ഷൻ

184 (3061) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് തൃശ്ശൂർ (ബിൽഡിംഗ്സ്) ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസിൽ ധനകാര്യവകുപ്പ് 1998-99-2000 വർഷങ്ങളിൽ ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇൻസ്പെക്ഷൻ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ടോ ;

(സി) റിപ്പോർട്ടിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ടോ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ഡി) ഈ റിപ്പോർട്ടിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ ഇതിൻമേൽ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലുകളിൽ കാലതാമസം വരുത്തുകയും ബില്ലുകളുടെ സീനിയോറിട്ടി മറികടന്ന് പേയ്മെന്റ് നടത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. (റിപ്പോർട്ടുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.)†

(ഡി & ഇ) 30-10-1998-ലെ ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം തൃശ്ശൂർ ബിൽഡിംഗ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഒ. പി. ചാക്കോയ്ക്കെതിരെ 26-5-1999-ൽ കുറ്റപത്രം നൽകിയിട്ടുണ്ട്. 9-11-1999-ലെ ഇൻസ്പെക്ഷൻ റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു.

ചവറ തെക്കുംഭാഗം-ദളവാപുരം-പള്ളിക്കോടി പാലം

185 (3062) ശ്രീ. ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറ നിയോജകമണ്ഡലത്തിലെ തെക്കുംഭാഗം-ദളവാപുരം-പള്ളിക്കോടി പാലത്തിന് ഏത് വർഷമാണ് സർക്കാർ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയത് പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ നൽകാമോ ;

† അനുബന്ധം XV

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പാലം പണിയുടെ ടെണ്ടർ 2000 ഫെബ്രുവരി 23-ാം തീയതിവരെ നീണ്ടുപോവുകയും പിന്നീട് മാർച്ച് മാസം 23-ാം തീയതിയിലേക്ക് നീട്ടിവയ്ക്കുകയും ചെയ്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയ പ്രവൃത്തികൾക്ക് പി. ഡബ്ലിയു. ഡി. ഷെഡ്യൂൾ ഓഫ് റേറ്റ്സ് പരിഷ്ക്കരിക്കുന്നതുമൂലമുണ്ടാകുന്ന അധിക ബാധ്യതയ്ക്ക് വീണ്ടും ധനകാര്യവകുപ്പിന്റെ അനുമതി തേടണമെന്ന നിയമം ഭേദഗതി ചെയ്ത് വകുപ്പുതലത്തിൽ തന്നെ പുനർഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പാലത്തിന് 1995-ൽ ഭരണാനുമതിയും 1996-ൽ പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട് ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം വെച്ചിട്ടുണ്ട്. *

(ബി) പ്രസ്തുത പാലത്തിന്റെ ഡിസൈന് അന്തിമ രൂപം നൽകിയതിനുശേഷം 1996-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തുക 633.50 ലക്ഷം രൂപ ആയതിനാൽ പുതുക്കിയ ഭരണാനുമതിയ്ക്കുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. അതിനാലാണ് ടെൻഡർ 2000 മാർച്ചിലേയ്ക്ക് നീട്ടിവെച്ചത്.

(സി) പരിശോധിക്കുന്നതാണ്.

കോട്ടയം ജില്ലയിൽ പി. ഡബ്ലിയു. ഡി. ഏറ്റെടുത്ത റോഡുകൾ

186(3063) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ മഞ്ഞമറ്റം-കെഴുവൻകുളം റോഡ്, താന്നിയ്ക്കൽപടി-എരുത്തുപുഴ റോഡ്, കൂവപൊയ്ക-മുഴൂർ കരുമ്പാനി റോഡ്, കുറ്റിക്കൽ-കങ്ങഴറോഡ്, നെടുംകുഴി-കോത്തല റോഡ്, പറയൻകുന്ന്-വട്ടുകളാ റോഡ് എന്നീ റോഡുകൾ പി.ഡബ്ലിയു.ഡി. എപ്പോൾ ഏറ്റെടുത്തു എന്നും എപ്പോഴാണ് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയതെന്നും വ്യക്തമാക്കുമോ ;

(ബി) ഈ റോഡുകൾ ഓരോന്നും എത്ര പ്രാവശ്യം ടെണ്ടർ ചെയ്തു എന്നും എപ്പോഴൊക്കെയാണ് ടെണ്ടർ ചെയ്തത് എന്നും വ്യക്തമാക്കുമോ ;

(സി) ഈ റോഡുകളുടെ പുതുക്കിയ എസ്റ്റിമേറ്റ് തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ റോഡുകൾ എം. ഡി. ആർ. ആക്കുന്നതിന് കോട്ടയം ഡിവിഷനിൽ നിന്നും ശുപാർശ ചെയ്തിട്ടുണ്ടോ ;

(ഇ) ഈ റോഡുകൾ എം. ഡി. ആർ. ആക്കണമെന്നുള്ള നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly